©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ആഗസ്റ്റ് 20<br>20th August 2019<br>1195 ചിങ്ങം 4<br>4th Chingam 1195<br>1941 ശ്രാവണം 29<br>29th Sravana 1941 | നമ്പർ<br>No. | 1896 |

കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ഇ) വകുപ്പ്

വിജ്ഞാപനം

നമ്പർ 16807/ലെഗ്.ഇ1/2019/നിയമം.

*2019 ആഗസ്റ്റ് 19*
*തിരുവനന്തപുരം, 1195 ചിങ്ങം 3*
*1941 ശ്രാവണം 28.*

2019 ആഗസ്റ്റ് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2019-ലെ 37-ാം നമ്പർ ഓർഡിനൻസ്

## 2019-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ്
റദ്ദാക്കുന്നതിനുള്ള
ഒരു
ഓർഡിനൻസ്

പീഠിക.—2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് (2010-ലെ 13) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2019-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2010-ലെ 13-ാം നമ്പർ ആക്റ്റിന്റെ റദ്ദാക്കൽ.—2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് (2010-ലെ 13) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, 1125-ലെ ഇന്റർപ്രട്ടേഷൻ ആന്റ് ജനറൽ ക്ലോസസ് ആക്റ്റിലെ (1125-ലെ VII) 4-ാം വകുപ്പിലെ വ്യവസ്ഥകൾ, ഈ ഓർഡിനൻസ് പ്രകാരമുള്ള, പ്രസ്തുത റദ്ദാക്കൽ സംബന്ധിച്ച്, ബാധകമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. തീർപ്പാകാതെ നിലവിലിരിക്കുന്ന കേസുകളെ സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥ.—മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ മുമ്പാകെ നിലവിലുള്ള എല്ലാ തർക്കങ്ങളും കേസുകളും അധികാരിതയുള്ള സിവിൽ കോടതികളിലേയ്ക്കോ, ഹൈക്കോടതിയിലേയ്ക്കോ, അതതുസംഗതിപോലെ, ഇതിനാൽ കൈമാറിയിരിക്കുന്നു.

പി. സദാശിവം,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

**Law (Legislation-E) Department**

NOTIFICATION

No. 16807/Leg.E1/2019/Law.

*Dated, Thiruvananthapuram, 19th August, 2019 / 3rd Chingam, 1195 / 28th Sravana, 1941.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English Language of the Munnar Special Tribunal Act Repeal Ordinance, 2019 (37 of 2019).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2019-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 37 OF 2019

### THE MUNNAR SPECIAL TRIBUNAL ACT REPEAL ORDINANCE, 2019

Promulgated by the Governor of Kerala in the Seventieth Year of the Republic of India.

*AN*

*ORDINANCE*

*to repeal the Munnar Special Tribunal Act, 2010.*

*Preamble.*—WHEREAS, it is expedient to repeal the Munnar Special Tribunal Act, 2010 (13 of 2010);

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Munnar Special Tribunal Act Repeal Ordinance, 2019.

(2) It shall come into force at once.

2. *Repeal of Act 13 of 2010.*—The Munnar Special Tribunal Act, 2010 (13 of 2010) is hereby repealed.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. *Saving.*—Notwithstanding such repeal, the provisions of section 4 of the Interpretation and General Clauses Act, 1125 (VII of 1125) shall be applicable in respect of the said repeal as per this Ordinance.

4. *Special provision in respect of pending cases.*—All the disputes and cases pending before the Munnar Special Tribunal are hereby transferred to the Civil Courts having jurisdiction or to the High Court, as the case may be.

P. SATHASIVAM,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date 2019.08.20 07:29:25 +05:30